സ്വാമിയേ ശരണമയ്യപ്പാ

# ശ്രീ കൊടലൂർക്കാവ് അയ്യപ്പക്ഷേത്രം

ഇരുങ്കൂറ്റൂർ, തിരുമിറ്റക്കോട്,
പാലക്കാട് ജില്ല.





# ക്ഷേത്രോത്സവം

2024



ഉദയാസ്തമനപൂജ മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്. ₹.1001/-

ജനുവരി
25
വ്യാഴം മുതൽ
27
ശനി വരെ

(1199 മകരം
11 – 13)

**27.01.2024 ശനി ഉത്സവദിവസം**

കാലത്ത് 5 മുതൽ വൈകുന്നേരം 5 വരെ ക്ഷേത്രത്തിൽ
**പറ നിറയ്ക്കാൻ** സൗകര്യം ഉണ്ടായിരിക്കുന്നതാണ്.





# ശ്രീ കൊടലൂർക്കാവ് അയ്യപ്പക്ഷേത്രം

പ്രിയ ഭക്തരെ,

നാളുകൾ നീണ്ട കഠിന പരിശ്രമങ്ങളും ഭഗവാന്റെ അകമഴിഞ്ഞ അനുഗ്രഹങ്ങളും നമ്മുടെ ഹൃദയ ക്ഷേത്രമായ ശ്രീ കൊടലൂർക്കാവ് അയ്യപ്പ ക്ഷേത്രത്തിന് പുതിയൊരു മുഖം നല്കിയിരിക്കുന്നു. മനസ്സിൽ സമർപ്പിതമായ ഭക്തിയും നന്മയും നിറഞ്ഞ നാട്ടുകാരുടെ ഒത്തൊരുമിച്ച പരിശ്രമങ്ങളും നമ്മുടെ ക്ഷേത്രത്തോട് ആഴത്തിലുള്ള അടുപ്പം സൂക്ഷിക്കുന്ന മറ്റ് സുമനസ്സുകളുടെ പ്രത്യേക താല്പര്യവുമാണ് ഇതിനെല്ലാം നിദാനമായിരിക്കുന്നത്.

ചോർന്നൊലിക്കുന്ന ദുരവസ്ഥയിൽ നിന്ന് പടിപടിയായി അർഹിക്കുന്ന പ്രൗഢിയിൽത്തന്നെ ചുറ്റമ്പലം പുതുക്കി പണിയാനായതും; ദേവ ചൈതന്യം പതിന്മടങ്ങാക്കുന്നതും ക്ഷേത്രാചാര താന്ത്രിക വിധി പ്രകാരം സമർപ്പണം ചെയ്യാൻ സാധിച്ച കൊടിമരവും; വിവാഹം, പിറന്നാൾ ആഘോഷം തുടങ്ങിയതിനും ക്ഷേത്ര വിശേഷാൽ പ്രോഗ്രാമുകൾക്കും ആവശ്യമായ ശ്രീദേവിക ഹാളും; ഭഗവാന്റെ കാരുണ്യവും ഭക്ത ജനങ്ങളുടെ ആത്മാർത്ഥമായ സഹകരണവും ഒന്നുകൊണ്ട് മാത്രമാണ്. നമ്മുടെ ക്ഷേത്രത്തിൽ നിന്നും ഭാഗവത സപ്താഹം ആരംഭം കുറിച്ച ലോക പ്രശസ്ത ഭാഗവതാചാര്യൻ സ്വാമി ഉദിത് ചൈതന്യജിയുടെ അനുഗ്രഹീത കരങ്ങളാൽ സമർപ്പണം നടന്ന ഈ മൂന്ന് ചടങ്ങുകളും ഗംഭീരമായി നടത്താൻ സാധിച്ചത് ഭക്തരുടെ അകമഴിഞ്ഞ പ്രാർത്ഥന ഒന്നുകൊണ്ട് മാത്രമാണ്. കലികാല ദോഷങ്ങളകറ്റി ധർമ്മനിഷ്ഠമായ മനസ്സും, സദ്സംഗമവും നിറഞ്ഞ സന്തോഷവും സർവ്വോപരി നാടിന് ഐശ്വര്യവുമേകുന്ന ധർമ്മശാസ്താവിന്റെ പ്രീതിക്കായി നടത്തുന്ന **ക്ഷേത്രോത്സവം ശ്രീ കൊടലൂർക്കാവ് അയ്യപ്പക്ഷേത്രത്തിൽ 2024 ജനുവരി 25 വ്യാഴാഴ്ച മുതൽ 2024 ജനുവരി 27 ശനിയാഴ്ച** വരെ ആഘോഷിക്കുന്ന വിവരം സസന്തോഷം അറിയിക്കട്ടെ.

ക്ഷേത്രം തന്ത്രി **കല്ലൂർ മന അനുജൻ നാരായണൻ നമ്പൂതിരിപ്പാടിന്റേയും കൃഷ്ണജിത്ത് നമ്പൂതിരിപ്പാടിന്റേയും** മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെടുന്ന ചടങ്ങുകളിൽ താങ്കളുടെ സാന്നിദ്ധ്യവും സർവ്വാത്മനാ ഉള്ള സഹായ സഹകരണങ്ങളും സവിനയം അഭ്യർത്ഥിച്ചുകൊള്ളുന്നു.

ക്ഷേത്ര ട്രസ്റ്റി ബോർഡ് &
ക്ഷേത്ര ആഘോഷകമ്മിറ്റി

---

ക്ഷേത്രത്തിലെ ദൈനംദിന ചിലവുകൾ കൂടിവരുന്ന
സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനായി

## ഒരു വർഷത്തിൽ...
## ഒരു വീട്ടിൽ നിന്നും... ഒരു പൂജ...

കൂടുതൽ വിവരങ്ങൾക്ക് കമ്മിറ്റിയുമായി
ബന്ധപ്പെടുക 9846404231, 9846764716





## കൂടാതെ, താഴെ പറയുന്ന ചില പ്രധാന കാര്യങ്ങളും നമുക്ക് ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.



- അഷ്ടബന്ധകലശം
- നാഗപ്രതിഷ്ഠ
- അയ്യപ്പക്ഷേത്രനിർമ്മാണം
- ക്ഷേത്ര മുൻവശത്തെ നടപ്പുര
- ശ്രീകോവിൽ പുതുക്കി പണിയൽ
- ക്ഷേത്രചുറ്റുമതിൽ നിർമ്മാണം
- മേൽശാന്തി ഭവനം
- ആത്മദർശിനി ഓഡിറ്റോറിയം
- ചുറ്റമ്പല സമർപ്പണം
- പ്രദക്ഷിണവഴി മതിലും ടൈൽസ് വിരിക്കലും
- വലിയ ബലിക്കല്ല് സമർപ്പണം
- ബലിക്കല്ലിന് ചുറ്റും സ്റ്റീൽ ഗ്രിൽ
- ക്ഷേത്ര മുറ്റവും നടവഴികളും ടൈൽസ് വിരിക്കൽ
- കൊടിമരം
- കൊടിമരത്തിന് ചുറ്റും സ്റ്റീൽ ഗ്രിൽ
- ആൽത്തറ നിർമ്മാണം
- പ്രതിഷ്ഠാപ്രഭാമണ്ഡലം
- 51 കലശക്കുടം സമർപ്പണം
- ക്ഷേത്രത്തിലേക്കാവശ്യമായ പൂജാ സെറ്റുകളും വിളക്കുകളും സമർപ്പണം
- ക്ഷേത്ര മുൻവശത്തെ വലിയ ദീപസ്തംഭം
- വിശാലമായ ശ്രീദേവിക ഹാളും സ്റ്റേജും
- സൗകര്യപ്രദമായ വഴിപാട് കൗണ്ടർ
- നക്ഷത്ര വനവൽക്കരണം
- ഭക്തജനങ്ങൾക്കായി ക്ഷേത്ര കുളത്തിൽ ജെ.സി.ബി. ഉപയോഗിച്ച് മണ്ണെടുത്തു.
- ക്ഷേത്രത്തിന് ഭക്തിമാർഗ്ഗ പ്രവർത്തനത്തിലൂടെ സൽപ്പേര് ഉണ്ടാക്കി തന്നവരേയും ഉന്നതമാർക്ക് നേടിയ പ്ലസ്ടു കുട്ടികളെയും റാങ്ക് കരസ്ഥമാക്കിയവരേയും ആദരിക്കുന്ന ചടങ്ങ്
- ക്ഷേത്രത്തിലേക്ക് ആവശ്യമായ പൂജാ പുഷ്പങ്ങൾക്കായി ചെടി നട്ടുവളർത്തൽ
- ക്ഷേത്ര വളപ്പിൽ തെങ്ങിൻ തൈകൾക്ക് പുറമെ 100ൽപരം മറ്റു വൃക്ഷതൈകൾ വെച്ച് പിടിപ്പിക്കൽ
- ക്ഷേത്രത്തിലേക്ക് ആവശ്യമായ ഫാനുകൾ, കസേരകൾ, സ്റ്റൂളുകൾ തുടങ്ങിയവ വാങ്ങൽ
- വളരെ ചുരുങ്ങിയ നിരക്കിൽ വാടകയ്ക്ക് നൽകുന്ന തുണി പന്തൽ
- തുലാഭാരം
- മേൽശാന്തി ഭവനവും ആത്മദർശിനി ഓഡിറ്റോറിയവും സിമന്റ് തേച്ച് വൈറ്റ് വാഷ് ചെയ്യൽ
- എല്ലാ ഞായറാഴ്ചകളിലും വൈകുന്നേരം 4 മുതൽ 5 വരെ ഗീതാ ഭാഗവത ക്ലാസ്സും 5 മുതൽ 6 വരെ യോഗ ധ്യാന ക്ലാസ്സുകളും
- ക്ഷേത്രകുളം കരിങ്കല്ല് കൊണ്ട് സൈഡ് കെട്ടി ഭക്തജനങ്ങൾക്ക് കുളിക്കുവാൻ സൗകര്യമേർപ്പെടുത്തി.
- രണ്ട് ബാത്ത് റൂമുകൾ കൂടി നിർമ്മിച്ചു.
- ക്ഷേത്ര ചുറ്റമ്പലത്തിന് മുൻവശം ടൈൽസ് വിരിച്ചു.
- ക്ഷേത്ര അടുക്കള ടൈൽസ് വിരിച്ച് സൗകര്യപ്രദമാക്കി
- എല്ലാ വർഷവും ക്ഷേത്ര കലണ്ടർ പ്രിന്റ് ചെയ്ത് സൗജന്യമായി ഭക്തർക്ക് വിതരണം ചെയ്യൽ

ആചാരാനുസൃതമായ ഉത്സവാനുഷ്ഠാനങ്ങളും മുറപോലെ നടത്തി വരുന്നു.

എല്ലാ ഉത്രം നാളിലും ഉത്രം ഊട്ട് , അഷ്ടദ്രവ്യമഹാഗണപതിഹോമം , ലക്ഷാർച്ചന , പുഷ്പാഭിഷേകം, ആനയൂട്ട്, അഷ്ടമിരോഹിണി ആഘോഷം, മണ്ഡലരാമായണമാസാചരണം , ക്ഷേത്രോത്സവം, ക്ഷേത്രകലകളായ ഓട്ടൻതുള്ളൽ , പാഠകം, കൃഷ്ണനാട്ടം തുടങ്ങിയവയും ഭക്തിപ്രഭാഷണവും ഭാഗവത സപ്താഹവും നടത്തിവരുന്നു.

സാമൂഹ്യസേവനത്തിന്റെ ഭാഗമായും നമുക്ക് കുറെ നല്ല കാര്യങ്ങളും ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. ❖ എല്ലാ വർഷവും സൗജന്യമെഡിക്കൽ ക്യാമ്പും ❖ പ്രളയ ദുരിതമനുഭവിക്കുന്ന കാശ്മീർ ജനതക്ക് ഒരു ലോറി വസ്ത്രങ്ങൾ എത്തിച്ചും ❖ എല്ലാ മാസവും ഉത്രം നാളിൽ പ്രസാദഊട്ടും, അന്നേദിവസം പട്ടാമ്പി ഗവ. ഹോസ്പിറ്റലിലെ രോഗികൾക്ക് ഭക്ഷണം എത്തിച്ചുനൽകിയും ❖ അനാഥാലയങ്ങൾക്ക് വസ്ത്രങ്ങൾ, പഠനോപകരണങ്ങൾ, സൈക്കിളുകൾ, സാമ്പത്തിക സഹായം എന്നിവ നൽകിയും ❖ രോഗികൾക്ക് ധന സഹായവും ❖ തീർത്ഥയാത്രകളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ സൗജന്യമായി പങ്കെടുപ്പിച്ചും.... ❖ കോവിഡ് മഹാമാരിയുടെ കാലത്ത് 3 പ്രാവശ്യം നാട്ടിലെ എല്ലാ വീടുകളിലേക്കും സൗജന്യമായി പച്ചക്കറി കിറ്റ് വിതരണം ചെയ്തും ❖ തിരുമിറ്റക്കോട് പഞ്ചായത്തിലേക്ക് അണുനശീകരണ മെഷീൻ, സാനിറ്റൈസർ, മാസ്കുകൾ തുടങ്ങിയവ സംഭാവനയായും നൽകി ❖ കുറ്റനാട് പ്രതീക്ഷ ചാരിറ്റബിൾ സൊസൈറ്റിയിലേക്ക് രോഗികൾക്കാവശ്യമായ ആധുനിക രീതിയിലുള്ള കട്ടിൽ, കസേര, ഡ്രസ്സുകൾ എന്നിവ നൽകുകയും ചെയ്തു. ❖ ഇതുപോലെയുള്ള നിരവധി കാര്യങ്ങൾ നമ്മൾ ചെയ്തുകഴിഞ്ഞിട്ടുണ്ട്. ജനോപകാര പ്രദമായ പുണ്യപ്രവർത്തികൾ ഇനിയും നമുക്ക് ധാരാളം ചെയ്യാനുണ്ട്. ഏവരുടേയും സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു. ❖ ഭഗവാന് സമർപ്പണം ചെയ്യുവാനായി അനവധി പ്രവൃത്തികളും നമ്മുടെ മുന്നിലുണ്ട്. മേലെ ക്ഷേത്രം നടപ്പുര നിർമ്മാണം, ഗോപുരനിർമ്മാണം, ക്ഷേത്ര ലൈബ്രറി, വൃദ്ധസദനം തുടങ്ങിയവ അതിൽ ചിലത് മാത്രം......

# കാര്യപരിപാടികൾ


## 23.01.2024 ചൊവ്വ

രാത്രി 7.30ന് : വിവിധ കലാപരിപാടികൾ

## 24.01.2024 ബുധൻ

രാത്രി 7.30ന് : വിവിധ കലാപരിപാടികൾ

## 25.01.2024 വ്യാഴം (ഉത്സവാരംഭം)



പുലർച്ചെ 4 മുതൽ : നടതുറക്കൽ, വിശേഷാൽ പൂജകൾ
വൈകു. 5 മുതൽ : പ്രാസാദ ശുദ്ധ്യാദി വാസ്തു പുണ്യ ഹാന്തം ശുദ്ധി ക്രിയകൾ
രാത്രി 7.30 ന് : **നൃത്തനൃത്ത്യങ്ങൾ** : ക്ഷേത്രത്തിൽവെച്ച് കലാമണ്ഡലം ഗിരിജടീച്ചറുടെ കീഴിൽ നൃത്തം അഭ്യസിക്കുന്ന കുട്ടികൾ
8.30ന് : **പ്രസാദഊട്ട് :** ശ്രീമതി. മാധവിക്കുട്ടി, മാരിയിൽ ഹൗസ്, തിരുമിറ്റക്കോട് വക

## 26.01.2024 വെള്ളി (കൊടിയേറ്റം)

പുലർച്ചെ 4 മുതൽ : നടതുറക്കൽ, ഗണപതിഹോമം, ഉഷഃപൂജ, ബിംബശുദ്ധി, കലശപൂജ (ചതുഃ ശുദ്ധി, ധാര, പഞ്ചകം, പഞ്ചഗവ്യം) ബിംബശുദ്ധി കലശാഭിഷേകം, വിശേഷാൽ ധാര, ഉച്ചപൂജ, 25 കലശാഭിഷേകം, ശ്രീഭൂതബലി
വൈകു. 5 മുതൽ : പ്രത്യേക പൂജകൾ
6.00 മണിക്ക് : ദീപാരാധന
6.30ന് : ഉദയാസ്തമന പൂജക്കുള്ള അരി അളക്കൽ ചടങ്ങ് തുടർന്ന് കൊടിയേറ്റം, അത്താഴപൂജ, ശ്രീഭൂതബലി
9 മണിക്ക് : **പ്രസാദഊട്ട് :** ശ്രീ. സേതുമാധവൻ, ബാംഗ്ലൂർ വക

## 27.01.2024 ശനി (ഉത്സവം)

പുലർച്ചെ 4 മുതൽ : നടതുറക്കൽ, ഗണപതിഹോമം, ഉഷഃപൂജ, മഹാമൃത്യുഞ്ജയഹോമം
6.00 മണിക്ക് : **ഉദയാസ്തമനപൂജ ആരംഭം**
9 മുതൽ 11 മണി വരെ : ശീവേലി എഴുന്നെള്ളിപ്പ്
11 മുതൽ 11.30 വരെ : നവകം പഞ്ചഗവ്യാഭിഷേകത്തോടുകൂടി ഉച്ചപൂജ, ശ്രീഭൂതബലി
12 മുതൽ 1 വരെ : **തായമ്പക** (മേലെ അയ്യപ്പക്ഷേത്രത്തിൽ)
1 മുതൽ 1.30 വരെ : **കേളിപറ്റ്, മദ്ദളപറ്റ്**
1.30 മുതൽ- 6.00 വരെ : വിശേഷാൽ പൂജകൾ, പ്രത്യേക ചടങ്ങോടുകൂടി എഴുന്നെള്ളിപ്പ് (ക്ഷേത്രത്തിൽ നിന്ന് ആരംഭിച്ച് പുറത്തേക്ക് എഴുന്നെള്ളിച്ച് ആന, പഞ്ചവാദ്യം, പാണ്ടിമേളം,താലം എന്നിവയോടുകൂടി വീണ്ടും ക്ഷേത്രത്തിൽ എത്തിച്ചേരുന്നു)
വൈകു. 6മുതൽ 7വരെ : ദീപാരാധന, ശ്രീഭൂതബലി, അത്താഴപൂജ
7 മുതൽ 7.30 വരെ : **കേളിപറ്റ്, മദ്ദളപറ്റ്**
7.30 മുതൽ 8.30 വരെ : **തായമ്പക (ഉല്ലാസ് നഗർ കമ്മിറ്റി വക)**
8.30 മുതൽ : തിരുവനന്തപുരം ഭരതക്ഷേത്രയുടെ സിൽവർ ജൂബിലി കലോപഹാരം

**ബാലെ**

## 28.01.2024 ഞായർ

പുലർച്ചെ 4.00 മുതൽ
5.30 വരെ : താലം എഴുന്നെള്ളിപ്പ്
5.30ന് : കൊടിയിറക്കം, വിശേഷാൽ പൂജ

ശ്രീ വിശ്വ മാതംഗി





## ക്ഷേത്രത്തിലെ വഴിപാട് വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | ഗണപതിഹോമം | .... | 40 |
| 2. | അഷ്ടദ്രവ്യഗണപതിഹോമം | .... | 701 |
| 3. | മൃത്യുഞ്ജയഹോമം | .... | 501 |
| 4. | സുദർശനഹോമം | .... | 1001 |
| 5. | മഹാസുദർശനഹോമം | .... | 751 |
| 6. | മംഗല്യഗണപതിഹോമം | .... | 1001 |
| 7. | കറുകഹോമം | .... | 100 |
| 8. | പുഷ്പാഞ്ജലി | .... | 8 |
| 9. | ഭാഗ്യസൂക്ത പുഷ്പാഞ്ജലി | .... | 15 |
| 10. | അഷ്ടോത്തര പുഷ്പാഞ്ജലി | .... | 15 |
| 11. | സ്വയംവര പുഷ്പാഞ്ജലി | .... | 15 |
| 12. | വിദ്യാസൂക്ത പുഷ്പാഞ്ജലി | .... | 15 |
| 13. | ഐക്യമത്യ പുഷ്പാഞ്ജലി | .... | 15 |
| 14. | രക്തപുഷ്പാഞ്ജലി | .... | 15 |
| 15. | നക്ഷത്രപൂജ | .... | 101 |
| 16. | ശനീശ്വര പൂജ | .... | 151 |
| 17. | നവഗ്രഹപൂജ | .... | 1001 |
| 18. | വാഹനപൂജ | .... | 50/75 |
| 19. | തൃകാല പൂജ | .... | 751 |
| 20. | ദമ്പതിപൂജ | .... | 201 |
| 21. | ഉമാമഹേശ്വരപൂജ | .... | 351 |
| 22. | നിത്യനിദാനപൂജ | .... | 751 |
| 23. | നാഗപൂജ | .... | 201 |
| 24. | വാവുപൂജ (ശാസ്താവിന്) | .... | 251 |
| 25. | നാഗത്തിന് – നൂറും പാലും | .... | 100 |
| 26. | ഉദയാസ്തമനപൂജ | .... | 4001 |
| 27. | ശാസ്ത്രാപ്രീതിപൂജ | .... | 151 |
| 28. | അഭീഷ്ടകാര്യസിദ്ധി പൂജ | .... | 1001 |
| 29. | ഷഷ്ഠി പൂജ | .... | 201 |
| 30. | വിളക്ക് | .... | 10 |
| 31. | നെയ് വിളക്ക് | .... | 15 |
| 32. | ചുറ്റുവിളക്ക് | .... | 801 |
| 33. | സ്പെഷ്യൽ ചുറ്റുവിളക്ക് | .... | 2001 |
| 34. | നിറവിളക്ക് | .... | 4001 |
| 35. | നെയ്നിറവിളക്ക് | .... | 8001 |
| 36. | ആൽത്തറ ദീപം തെളിയിക്കൽ | .... | 151 |
| 37. | കെടാവിളക്ക് | .... | 501 |
| 38. | മാല | .... | 10 |
| 39. | എള്ള് തിരി | .... | 5 |
| 40. | പഞ്ചാമൃതം | .... | 101 |
| 41. | തൃമധുരം | .... | 50 |
| 42. | വെള്ളനിവേദ്യം | .... | 30 |
| 43. | അപ്പം | .... | 101 |
| 44. | ഭഗവത് സേവ | .... | 201 |
| 45. | ഭഗവതിക്ക് പട്ട് ചാർത്തൽ | .... | 50 |
| 46. | ചന്ദനം ചാർത്ത് | .... | 50 |
| 47. | പൂമൂടൽ | .... | 1001 |
| 48. | പാനകം | .... | 50 |
| 49. | ചോറൂണ് | .... | 151 |
| 50. | എഴുത്തിനിരുത്തൽ | .... | 50 |
| 51. | കെട്ടുനിറ | .... | 20 |
| 52. | മാലയിടൽ (ശബരിമലക്ക്) | .... | 10 |
| 53. | വിവാഹം | .... | 251 |
| 54. | തിരുവുടയാട സമർപ്പണം | .... | 51 |
| 55. | മോദകം | .... | 51 |
| 56. | കൂട്ടുപായസം | .... | 75 |
| 57. | നെയ്പ്പായസം | .... | 151 |
| 58. | പാൽപ്പായസം | .... | 100 |
| 59. | കടുംപായസം | .... | 301 |
| 60 | രക്ഷസിന് പായസം | .... | 100 |
| 61. | പഞ്ചാമൃതം | .... | 100 |
| 62. | ഗണപതിക്ക് ചന്ദനം ചാർത്തൽ | .... | 100 |
| 63. | ഗണപതിക്ക് മുട്ടറുക്കൽ | .... | 40 |
| 64. | ഗണപതിക്ക് കുങ്കുമ അലങ്കാരം | .... | 51 |
| 65. | ഗണപതിക്ക് അപ്പം മൂടൽ | .... | 1001 |
| 66. | ധാര | .... | 30 |
| 67. | പിൻവിളക്ക് | .... | 30 |
| 68. | കൂവളമാല | .... | 30 |
| 69. | കറുകമാല | .... | 30 |
| 70. | മഞ്ഞൾപ്പൊടി അഭിഷേകം | .... | 50 |
| 71. | കളഭാഭിഷേകം | .... | 50 |
| 72. | ഭസ്മാഭിഷേകം | .... | 50 |
| 73. | പാലഭിഷേകം | .... | 50 |
| 74. | നീരാഞ്ജനം | .... | 50 |
| 75. | പുസ്തകം പൂജക്ക് വെക്കൽ | .... | 10 |
| 76. | അന്നദാനം | .... | 7000 |

**പഞ്ചവാദ്യം :** അനിൽ ആറങ്ങോട്ടുകര
ആറങ്ങോട്ടുകര പഞ്ചവാദ്യസംഘം
**ചെണ്ട :** കലാമണ്ഡലം വിജീഷ് & പാർട്ടി

**ആന, ചമയം :** കൃഷ്ണ സൺസ്, കൂറ്റനാട്
**ലൈറ്റ് & സൗണ്ട് :** കെ.എൻ. ലൈറ്റ് & സൗണ്ട്, ഞാങ്ങാട്ടിരി

**കോലത്തിൽ മാല വഴിപാട്**
**ഗിരിജ വി.വി. ഇരുങ്കുറ്റൂർ**



ആന വഴിപാടായി സമർപ്പിക്കുന്നത്

**ശാന്ത കുമാരി**
**ഇളവള്ളി പാറമേൽ ഹൗസ്**
**കോയമ്പത്തൂർ**

## ഉത്സവത്തോടനുബന്ധിച്ച്
## 1 ടിൻ എണ്ണ വീതം സമർപ്പിക്കുന്നത്

1. കൃഷ്ണൻകുട്ടി, ചിത്രാലയ, ആറങ്ങോട്ടുകര
2. കൃഷ്ണ സന്തോഷ്, വി.വി. ഹൗസ്, ഇരുങ്കൂറ്റൂർ
3. ജയചന്ദ്രൻ, കല്ലിക്കുന്നത്ത്, ഇറുമ്പകശ്ശേരി
4. വി.വി. സ്റ്റോഴ്സ്, ചെട്ടിപ്പടി
5. ശ്രീദുർഗ്ഗ റെഡിമെയ്ഡ്സ്, ആറങ്ങോട്ടുകര
6. സ്റ്റാർ ബോയ്സ്, ഇരുങ്കൂറ്റൂർ

**27–01–2024 (ശനിയാഴ്ച) ഉത്സവത്തോടനുബന്ധിച്ച്**
**താഴെപറയുന്ന കമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ**

- ഉല്ലാസ് നഗർ കമ്മിറ്റി **ആന, പഞ്ചവാദ്യം** എഴുന്നെള്ളിപ്പ്
- കലാദർശന ഇരുങ്കുറ്റൂർ **പ്രാചീന കലാരൂപം –തെയ്യം**
- സ്റ്റാർ ബോയ്സ് **ശിങ്കാരിമേളം**
- ബോയ്സ് ഓഫ് ബഹറിൻ **തമ്പോലം**
- ബ്രദർ ഹുഡ് ഉല്ലാസ് നഗർ **ശിങ്കാരിമേളം** എന്നിവയും ഉണ്ടായിരിക്കും.

**തുലാഭാരം വഴിപാട്**
(മുൻകൂട്ടി ബുക്കുചെയ്യേണ്ടതാണ്)

ക്ഷേത്രത്തിലേക്ക്
ഡോ. സതീഷ് & ഡോ. അനു
എന്നിവർ വഴിപാടായി സമർപ്പിച്ച
തുലാഭാര തട്ട് ഭക്തജനങ്ങൾക്ക്
തുലാഭാര വഴിപാട് ചെയ്യുന്നതിനായി
സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്.



**ക്ഷേത്രത്തിൽ എല്ലാ ഞായറാഴ്ചകളിലും വൈകുന്നേരം 4 മണി മുതൽ ഗീതാ ക്ലാസ്സും**
**5 മണി മുതൽ യോഗ, ധ്യാന ക്ലാസ്സും ഉണ്ടായിരിക്കും**
**സൗജന്യമായി നടത്തുന്ന ഈ ക്ലാസ്സുകളിൽ പങ്കെടുക്കുക**

